# <u>വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ</u>

**(സാന്നിദ്ധ്യം : അനുപമ T.V IAS)**

വിഷയം : വനിത ശിശു വികസന വകുപ്പ് – സംയോജിത ശിശു വികസന സേവന പദ്ധതി – അങ്കണവാടി കെട്ടിടങ്ങളുടെ 2021 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ വാടക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. 19.01.2021 ലെ സ.ഉ. (സാ.ധാ.)നം.434/2021/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവ്

2. 23.01.2021 തീയതിയിലെ ഉത്തരവ് നം. ICDS/B5-30277/19.

3. ജില്ല വനിത ശിശു വികസന ഓഫീസർമാരിൽ നിന്നും ലഭ്യമായ ഫണ്ടിംഗ് പ്രൊപ്പോസലുകൾ

## <u>ഉത്തരവ് നമ്പർ ICDS/B5- 30277/19 തീയതി: 20.03.2021</u>

വനിത ശിശു വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്ത് അങ്കണവാടികളിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടി കെട്ടിടങ്ങളുടെ പ്രതിമാസ വാടക അനുവദിക്കുന്നതിനായി പരാമർശം ഒന്ന് പ്രകാരം ഉള്ള ഉത്തരവിന്റെയും വിവിധ ജില്ലാതല ICDS സെൽ പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ലഭ്യമായ ഫണ്ട് റിക്വയർമെന്റിന്റെയും അടിസ്ഥാനത്തിൽ പരാമർശം രണ്ട് പ്രകാരം 2020 ഡിസംബർ വരെയുള്ള ഫണ്ട് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

2021 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ അങ്കണവാടി കെട്ടിടങ്ങളുടെ വാടക ഇനത്തിൽ വേണ്ടുന്ന തുക ആവശ്യപ്പെട്ട് കൊണ്ട് ജില്ല വനിത ശിശു വികസന ഓഫീസർമാർ ഫണ്ടിംഗ് പ്രൊപ്പോസലുകൾ ലഭ്യമാക്കിയിട്ടുണ്ട്. അതിൻ പ്രകാരം പ്രസ്തുത മാസങ്ങളിലെ വാടക മാറി നൽകുന്നതിനായി ചുവടെ ചുവടെ പരാമർശിക്കും പ്രകാരം ജില്ലകൾക്ക് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | അനുവദിക്കുന്ന തുക |
|---|---|---|
| 1. | തിരുവനന്തപുരം | 23,41,629 |
| 2. | കൊല്ലം | 13,55,552 |
| 3. | പത്തനംതിട്ട | 72,500 |
| 4. | കോട്ടയം | 5,82,190 |

| | | |
|---|---|---|
| 5. | ഇടുക്കി | 53,488 |
| 6. | മലപ്പുറം | 8,90,540 |
| 7. | കോഴിക്കോട് | 16,74,160 |
| 8. | വയനാട് | 1,26,739 |
| | **ആകെ** | **70,96,798** |

(ആകെ എഴുപത് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം)

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വാടക കൃത്യമായി നിലവിലുള്ള വാടക കരാർ വ്യവസ്ഥകൾക്ക് വിധേയമായി നടപ്പു സാമ്പത്തിക വർഷം തന്നെ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ കെട്ടിടം ഉടമയ്ക്ക് മാറി നൽകേണ്ടതാണ്.

ഇതിലേയ്ക്ക് ആവശ്യമായ ആ കെ തുകയായ **70,96,798/-** (എഴുപത് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-02-102-47-06-RRT(P) എന്ന ബജറ്റ് ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. അങ്കണവാടി വാടക നല്കുന്നതിന് മാത്രമേ തുക വിനിയോഗിക്കാൻ പാടുള്ളൂ. ധന വിനിയോഗ സാക്ഷ്യപത്രം ജില്ലാ തലത്തിൽ ക്രോഡീകരിച്ച് ജില്ല വനിത ശിശു വികസന ഓഫീസർമാർ യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

ബന്ധപ്പെട്ട ജില്ല വനിത ശിശു വികസന ഓഫീസർമാർക്ക്

പകർപ്പ്:

1) ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർമാർക്ക്.
2) ബന്ധപ്പെട്ട CDPO മാർക്ക്
3) സൂപ്രണ്ട് - അലോട്ടമെന്റ്/അക്കൗണ്ട്സ് സെക്ഷൻ.
4) സൂപ്രണ്ട് – പ്ലാനിംഗ് സെൽ
5) വെബ്സൈറ്റ്
6) സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്